**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 258** | **15-02-2024 - ല്‍ മറുപടിയ്ക്ക്**

**പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു,<br>ശ്രീ. എം. എം. മണി,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ഡി കെ മുരളി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഭൂമിയുടെ ഉടമസ്ഥാവകാശം അർഹതയുള്ള എല്ലാവർക്കും ലഭ്യമാവുകയെന്ന ലക്ഷ്യം കൈവരിക്കാനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ''എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്'' എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ്, സംസ്ഥാനത്തെ പട്ടയ പ്രശ്നങ്ങൾ പരിഹരിഹരിക്കുന്നതിനായി ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ പദ്ധതിയാണ് പട്ടയം മിഷൻ.<br><br>മലയോര മേഖല, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, വിവിധ കോളനികളിൽ താമസിക്കുന്നവർ എന്നിവർക്ക് മുൻഗണന നൽകി അർഹതപ്പെട്ടവർക്കെല്ലാം പട്ടയം നൽകുക എന്നതാണ് പട്ടയ മിഷന്റെ പ്രധാന ദൗത്യം.<br><br>ഇതോടൊപ്പം എല്ലാവരെയും ഭൂമിയുടെ ഉടമസ്ഥരാക്കുക എന്നതാണ് പട്ടയമിഷന്റെ ലക്ഷ്യം. മണ്ഡലങ്ങളിൽ എം.എൽ.എ.-മാർ ചെയർമാനായി മണ്ഡലത്തിലെ മുഴുവൻ ജനപ്രതിനിധികളും അംഗങ്ങളായ പട്ടയ അസംബ്ലി ഭൂരഹിതരായ പട്ടയത്തിനർഹരായവരെ കണ്ടെത്തി നിർദ്ദേശിക്കും. വില്ലേജ്തല ജനകീയ സമിതിയും ഇതോടൊപ്പം പട്ടയ മിഷന്റെ വിവരശേഖരണ സമിതിയായി പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>ഓരോ നിയോജക മണ്ഡലത്തിലെയും പട്ടയമിഷന്റെ നോഡൽ ഓഫീസറായി തഹസിൽദാരിൽ കുറയാത്ത ഓരോ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

തഹസിൽദാർ ചെയർമാനായ താലൂക്ക് തല ദൗദ്യസംഘവും, കളക്ടർ ചെയർമാനായ ജില്ലാതല ദൗത്യസംഘവും, ലാന്റ് റവന്യൂ കമ്മീഷണർ ചെയർമാനായ സംസ്ഥാനതല ദൗത്യസംഘവും പട്ടയമിഷന്റെ ഭാഗമായി പ്രവർത്തിക്കുന്നു. വിവിധ വകുപ്പുകളുടെ കൈയ്യിലുള്ള ഭൂമിയുടെ കൈമാറ്റമുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ചീഫ് സെക്രട്ടറി ചെയർമാനും, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറുമായി 7 വകുപ്പ മേധാവികൾ അംഗങ്ങളായ സംസ്ഥാനതല നിരീക്ഷണ സമിതിയും നിലവിലുണ്ട്.

ജില്ലാ തലത്തിലുള്ള പരഹരിക്കാനാവാത്ത മുഴുവൻ പ്രശ്നങ്ങളും പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെടുത്തും. ഡാഷ് ബോർഡ് പുരോഗതി ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ പട്ടയമിഷൻ സെൽ സ്ഥിരമായി വിലയിരുത്തുന്നുണ്ട്. ഇതിനു പുറമേ 2023 നവംബറിൽ റവന്യൂ മന്ത്രിയും, ഡിസംബർ, 2024 ജനുവരി മാസങ്ങളിൽ പ്രിൻസിപ്പൽ സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ എന്നിവരും തുടർച്ചയായി പരിശോധിച്ചു വരുന്നു. ജില്ലകളിലെ പ്രശ്നങ്ങൾ എല്ലാ മാസവും കളക്ടർമാരും പരിശോധിക്കുന്നുണ്ട്.

നിയമപരമായ പ്രശ്നങ്ങളും, പ്രത്യേക പ്രാധാന്യമുള്ള പ്രശ്നങ്ങളും സർക്കാർ ഉത്തരവുകളോ, ചട്ടഭേദഗതികളിലൂടേയോ പരിഹരിക്കാനും സർക്കാർ ശ്രമിക്കുന്നുണ്ട്. സമീപകാലത്തെ ഭൂപ്രശ്നങ്ങളുടെ പരിഹാരത്തിനാവശ്യമായ ഏറ്റവും വിപുലമായ പ്രസ്ഥാനമായി പട്ടയമിഷൻ മാറി.

വനഭൂമി പട്ടയവുമായി ബന്ധപ്പെട്ട്, 1993 ലെ കേരള ഭൂമി പതിവ് ( 1-1-1977 ന് മുമ്പ് വന ഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരം സംയുക്ത പരിശോധനയും സർവ്വേ നടപടികളും പൂർത്തീകരിച്ചു സ്കെച്ച് തയ്യാറാക്കി പട്ടയം അനുവദിക്കുന്നതിന് അർഹരായവരുടെ വിവരങ്ങൾ പരിവേഷ് പോർട്ടലിൽ അപ്ലോഡ് ചെയ്യുകയും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

| | | | |
|---|---|---|---|
| | | | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതു വരെ 1,21,604 പേർക്ക് പട്ടയം നൽകിയിട്ടുള്ളതാണ്. 2024 ജനുവരി മാസത്തിൽ എല്ലാ ജില്ലകൾക്കും പട്ടയം വിതരണം നടത്തുന്നതിന് ടാർഗറ്റ് നല്കിയിട്ടുള്ളതും അത് പ്രകാരം 28,280 ത്തോളം പട്ടയങ്ങൾ (ലാൻഡ് ട്രൈബ്യൂണൽ ഉൾപ്പെടെ ) നൽകാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനുവദിച്ച പട്ടയങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. നാലാം ഘട്ട പട്ടയമേളയ്ക്കായി 28,280 പട്ടയങ്ങൾ (ലാൻഡ് ട്രൈബ്യൂണൽ ഉൾപ്പെടെ) തയ്യാറാക്കിയ 2024 ഫെബ്രുവരി 22-ൽ നടക്കുന്ന സംസ്ഥാന പട്ടയ മേളയിൽ നൽകാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | നിലവിൽ പട്ടയ വിതരണം ചെയ്യുന്നതിലെ തടസ്സങ്ങൾ മറികടക്കുന്നതിന് റവന്യൂ വകുപ്പ് രൂപം നൽകിയ പ്രത്യേക ഡാഷ്ബോർഡ് എത്രത്തോളം സഹായകരമായിരുന്നു; വിശദമാക്കാമോ; | (സി) | പട്ടയം നൽകുന്നതിനു തടസ്സങ്ങളുള്ള കൈവശങ്ങളുടെ വിശദാംശങ്ങൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്നതിനും, പരിഹരിക്കുന്നതിനും ഓൺലൈൻ പോർട്ടലായ പട്ടയം ഡാഷ്ബോർഡ് സഹായകരമാണ്. ടി പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രിൻസിപ്പൽ സെക്രട്ടറി, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവർ പങ്കെടുത്ത പട്ടയം ഡാഷ് ബോർഡ് അദാലത്തുകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രശ്നങ്ങൾ സംസ്ഥാനതലത്തിൽ പരിശോധിച്ച ശേഷം ആയത് പരിഹരിക്കുന്നതിന് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്കു നൽകി വരുന്നു. സർക്കാർ ഉത്തരവുകളുടെയോ അല്ലെങ്കിൽ ചട്ട ഭേദഗതികളിലൂടെയോ പരിഹരിക്കേണ്ടവ സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. |
| (ഡി) | കെട്ടിക്കിടക്കുന്ന പട്ടയ അപേക്ഷകൾ തീർപ്പാക്കുന്നതിന് വകുപ്പ് ആവിഷ്കരിച്ച സ്റ്റാന്റേർഡ് ഓപ്പറേഷൻ പ്രൊസീജിയറിനെക്കുറിച്ച് വ്യക്തമാക്കാമോ? | (ഡി) | പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ളതും പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിയമപരമായ സംശയങ്ങൾ നിലനിൽക്കുന്നതുമായ വിവിധ കേസുകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ കരട് തയ്യാറായിട്ടുള്ളതും ആയത് അന്തിമ നടപടിയിലുമാണ്. തദ്ദേശസ്ഥാപനങ്ങളുടെ അധീനതയിലുള്ള "നിക്ഷിപ്ത ഭൂമികൾ, ആർജിത ഭൂമികൾ, കൈമാറി ലഭിച്ച ഭൂമികൾ എന്നിവയിലുൾപ്പെടുന്ന കുളം / തോട് / ആറ് / പുഴ/ ചിറ / വഴി/ റോഡ് പുറമ്പോക്കുകൾ, കോളനി പട്ടയങ്ങൾ" എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വ്യവസ്ഥകൾ പ്രസ്തുത |

| | | | |
|---|---|---|---|
| | | | മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പാറപ്പുറമ്പോക്ക്, കടൽപ്പുറമ്പോക്ക്, റെയിൽവേ സ്റ്റേഷനുകൾക്കു ചേർന്നുള്ള സർക്കാർ ഭൂമി, എയറോഡ്രോമുകൾക്ക് സമീപമുള്ള സർക്കാർ ഭൂമി എന്നിവ സംബന്ധിച്ച പ്രശ്ന പരിഹാര നിർദ്ദേശങ്ങളും പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | ജില്ല | ഒന്നാം വർഷം | രണ്ടാം വർഷം | ആകെ പട്ടയങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 992 | 1489 | **2481** |
| 2 | കൊല്ലം | 1169 | 445 | **1614** |
| 3 | ആലപ്പുഴ | 635 | 408 | **1043** |
| 4 | പത്തനംതിട്ട | 373 | 161 | **534** |
| 5 | കോട്ടയം | 382 | 756 | **1138** |
| 6 | ഇടുക്കി | 3671 | 2788 | **6459** |
| 7 | എറണാകുളം | 2977 | 1015 | **3992** |
| 8 | തൃശ്ശൂർ | 11356 | 11221 | **22577** |
| 9 | പാലക്കാട് | 7606 | 17879 | **25485** |
| 10 | മലപ്പുറം | 10736 | 12000 | **22736** |
| 11 | കോഴിക്കോട് | 6738 | 8216 | **14954** |
| 12 | വയനാട് | 1733 | 2006 | **3739** |
| 13 | കണ്ണൂർ | 4221 | 7165 | **11386** |
| 14 | കാസർകോട് | 1946 | 1520 | **3466** |
| | ആകെ | 54535 | 67069 | **121604** |